Mathrubhumi
28.10.17

# കാർഷിക വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപരേഖയായി -കൃഷിമന്ത്രി

**മണ്ണുത്തി:** സംസ്ഥാനത്തെ കാർഷിക വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപരേഖ തയ്യാറാക്കിയതായി കൃഷിമന്ത്രി വി.എസ്. സുനിൽ കുമാർ പറഞ്ഞു. കേരള കാർഷിക സർവകലാശാലാ ആസ്ഥാനത്തെ സി. അച്യുത മേനോൻ സ്മാരക പഠന -ഗവേഷണ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സർവകലാശാലയുടെ സ്വയംഭരണത്തിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു. അതേ സമയം സർവകലാശാലയിലെ ഗവേഷണങ്ങൾ കേരളത്തിന്റെ കാർഷിക മേഖലയ്ക്കുപയുക്തമാകുന്നുവെന്ന് ഉറപ്പു വരുത്താനുള്ള ബാധ്യത ജനകീയ സർക്കാരിനുണ്ട്. ഈ കടമ സർക്കാർ നിർവഹിക്കും.

പുതുതായി നിർമിക്കുന്ന സ്പോർട്സ് പവിലിയന്റെ ശിലാസ്ഥാപനവും മന്ത്രി നിർവഹിച്ചു. കെ. രാജൻ എം.എൽ.എ. അധ്യക്ഷനായിരുന്നു.

വൈസ് ചാൻസലർ ഡോ.പി. രാജേന്ദ്രൻ, രജിസ്ട്രാർ എസ്. ലീനാകുമാരി, ജനറൽ കൗൺസിൽ അംഗം കെ.വി. വിജയദാസ് എം.എൽ.എ, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. വിനയൻ എന്നിവർ പ്രസംഗിച്ചു.